(എ, ബി) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികളും ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ.

ബസ്സുകളിൽ വാതിലിനു സമീപം ഡെസ്റ്റിനേഷൻ ബോർഡ്

*564 [614] ശ്രീ. സി. എഫ്. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടി വാതിലിനു സമീപം ഡെസ്റ്റിനേഷൻ ബോർഡ് വയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ): പരിഗണിക്കുന്നതാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികൾക്കു നേരിടുന്ന കാലതാമസം

*565 [615] ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, സി. ബി. സി. വാര്യർ:
,, പി. കെ. ചന്ദ്രാനന്ദൻ:
,, വി. വി. ദക്ഷിണാമൂർത്തി:
,, സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981 ജൂൺ മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിൻെറ ദുരിതാശ്വാസ നടപടിക്രമങ്ങളുടെ കാലതാമസം മൂലം ഇതുവരെയ്ക്കും ആശ്വാസം ലഭിച്ചിട്ടില്ലാത്തവരുണ്ടെന്നു വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്ക് ആവശ്യമായ സഹായം നൽകുന്നതിനു വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

റവന്യൂവും, മൽസ്യബന്ധനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ, ബി) വീടു നഷ്ടപ്പെട്ട ഏതാനും പേർക്ക് അനേഷണം പൂർത്തിയാകാത്തതിനാൽ ധനസഹായം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവർക്ക് എത്രയും വേഗം ധനസഹായം നൽകാൻ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly